**പതിമൂന്നാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1412** **12. 7.11 ൽ മറുപടിയ്ക്ക്**

## വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ

**ചോദ്യം**

ശ്രീ. മോൻസ് ജോസഫ്

**മറുപടി**

ശ്രീ. കെ.ബാബു

( എക്സൈസും തുറമുഖവും വകുപ്പ് മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ പ്രക്രിയ താൽക്കാലികമായി നിർത്തിവച്ചിട്ടുണ്ടോ ; | എ | ഇല്ല. |
| ബി | ഏറ്റെടുത്ത ഭൂമിയുടെ ആധാരങ്ങൾ തിരികെ നൽകണമെന്ന് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണ കമ്പനിക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; | ബി) | ഇല്ല. എങ്കിലും ആധാരത്തിൽ ഉൾപ്പെടുന്ന ഭൂമി പൂർണ്ണമായും ഏറ്റെടുത്തു കഴിഞ്ഞാൽ ആധാരങ്ങൾ തിരികെ നൽകേണ്ടതില്ല. |
| സി | ഭാഗപത്രങ്ങളും മറ്റ് ആധാരങ്ങളും സമർപ്പിച്ചവർക്ക് ഏറ്റെടുത്ത വസ്തുവിന്റെ ശേഷിക്കുന്ന രേഖകൾക്കായി എന്ത് നിർദ്ദേശമാണ് നൽകിയിട്ടുള്ളത്; ഭാഗപത്രങ്ങൾ തിരികെ നൽകാൻ നടപടി സ്വീകരിക്കുമോ ; | സി | നടപടിക്രമങ്ങൾ പൂർത്തിയായികഴിഞ്ഞാൽ തഹസിൽദാർ വഴി ഭാഗപത്രങ്ങളും മറ്റ് ആധാരങ്ങളും തിരിച്ചു നൽകുന്നതാണ്. |
| ഡി | രേഖകൾ നൽകാൻ താമസം നേരിട്ട ഭൂഉടമകൾക്ക് നെഗോസിയേഷനിൽ പറഞ്ഞ തുക നൽകേണ്ടതില്ല എന്ന് റവന്യൂ വകുപ്പും തുറമുഖ വകുപ്പും ഉത്തരവ് നൽകിയിട്ടുണ്ടോ ; | ഡി | ഇല്ല. |
| ഇ | ഏറ്റെടുത്ത ഭൂമിയുടെ എത്ര ഉടമകൾക്ക് കരാർ അനുസരിച്ചുള്ള തുക നൽകിയിട്ടുണ്ട് ; ഏതെങ്കിലും ഭൂഉടമകൾക്ക് കരാർ അനുസരിച്ചുള്ള തുക നൽകാനുണ്ടോ ; അവരുടെ പേരു വിവരം വ്യക്തമാക്കാമോ ? | ഇ | ഭൂമി ഏറ്റെടുത്ത എല്ലാവർക്കും കരാർ അനുസരിച്ചുള്ള തുക നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**